നമ്പർ. എൻ.ഇ.പി (3)/81778/15/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
തീയതി: 25.02.2016

## സർക്കുലർ

**വിഷയം:-പൊതുവിദ്യാഭ്യാസം - എട്ട്, ഒമ്പത് ക്ലാസുകളിലെ 2015-16 അധ്യയനവർഷത്തെ വർഷാന്ത്യ ഐ.ടി. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-1. 15.02.2014-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.ഇ.പി-3/148065/2014 നമ്പർ സർക്കുലർ.

2. 25.09.2013-ലെ സ.ഉ(സാധാ) നം.3936/2013/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

എട്ട്, ഒമ്പത് ക്ലാസുകളിലെ 2015-2016 അധ്യയന വർഷത്തെ വർഷാന്ത്യ ഐ.ടി പരീക്ഷ നടത്തുന്നതിന് എസ്.സി.ഇ.ആർ.ടിയുടെ സഹായത്തോടെ ഐടി@സ്കൂൾ പ്രോജക്റ്റിന്റെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്. 8, 9 ക്ലാസുകളിൽ നടത്തേണ്ട വാർഷിക ഐ.ടി പരീക്ഷ സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1) ഐ.ടി പരീക്ഷ ഗ്നു/ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നടത്തേണ്ടത്.

2) തിയറി, പ്രാക്ടിക്കൽ ഭാഗങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ കമ്പ്യൂട്ടറിൽ തന്നെയാണ് നടത്തേണ്ടത്.

3) ഐടി@സ്കൂൾ ഉബുണ്ടു 10.04/12.04/14.04 ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ 2016 ഫെബ്രുവരി 25-നു മുമ്പ് ഐടി@സ്കൂൾ പ്രോജക്റ്റിന്റെ നേതൃത്വത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കേണ്ടതാണ്.

4) സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന സി.ഡി.യിൽ 8, 9 ക്ലാസുകളിലെ വർഷാന്ത്യ പരീക്ഷയ്ക്കുള്ള സോഫ്റ്റ്‌വെയറാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒരുക്കേണ്ടതാണ്. ജില്ലയിലെ പ്രഥമാധ്യാപകരുടെ യോഗം വിളിച്ചുചേർത്ത് ഇത് വിതരണം ചെയ്യേണ്ടതാണ്. ഇതിനായി ജില്ലയിലെ ഐടി@സ്കൂൾ മാസ്റ്റർ ട്രെയിനർമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

5) സ്കൂളുകൾക്കുള്ള പാസ്സ്‌വേർഡുകൾ ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്റർമാർക്ക് ലഭ്യമാക്കുന്നതാണ്. ഇത് പ്രഥമാധ്യാപകരുടെ യോഗത്തിൽ അതത് സ്കൂളുകൾക്ക് നൽകേണ്ടതാണ്.

6) വർഷാന്ത്യ ഐടി പരീക്ഷ 2016 മാർച്ച് - ലെ എസ് എസ് എൽ സി ഐ ടി പരീക്ഷ സ്കൂളിൽ തീരുന്നതിനടുത്ത ദിവസം തുടങ്ങി 2016 മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.

7) വർഷാന്ത്യ ഐടി പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിട്ടുള്ള പാഠഭാഗങ്ങൾ, സ്കോറുകൾ എന്നിവയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ അനുബന്ധം (1)ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

8) കേൾവിക്കുറവുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ (Special Schools for Hearing Impaired Students) ഐ.ടി പരീക്ഷയ്ക്കുള്ള പ്രത്യേക സോഫ്റ്റ്‌വെയർ പ്രസ്തുത സ്കൂളുകൾക്ക് ഐ.ടി@സ്കൂൾ പ്രോജക്ട് ലഭ്യമാക്കുന്നതാണ്.

9) സ്കൂളുകൾക്ക് നൽകുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ സി.ഡി പരീക്ഷയ്ക്കുശേഷം ഹെഡ് മാസ്റ്റർ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.

10) സ്കൂളുകൾക്ക് ലഭിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ സ്കൂളിനു പുറമേ പരസ്യപ്പെടുത്തുകയില്ലായെന്ന് ഉറപ്പുവരുത്തേണ്ട പൂർണ്ണ ഉത്തരവാദിത്തം സ്കൂൾ ഹെഡ് മാസ്റ്റർമാർക്കാണ്.

11) വർഷാന്ത്യ ഐടി പരീക്ഷയ്ക്ക് ലഭിക്കുന്ന സ്കോർ മറ്റ് വിഷയങ്ങളുടെ എഴുത്തു പരീക്ഷയിൽ ലഭിക്കുന്ന സ്കോറിനോടൊപ്പം അടുത്ത ക്ലാസിലേക്കുള്ള പ്രമോഷന് പരിഗണിക്കേണ്ടതുമാണ്.

12) പരീക്ഷ മുകളിൽ പറഞ്ഞ സമയത്തിനുള്ളിൽ നടത്തിത്തീർക്കേണ്ടതും കൺസോളിഡേറ്റഡ് സ്കോർ ഷീറ്റിന്റെ പ്രിന്റൗട്ടും മുഴുവൻ കുട്ടികളുടെയും റിസൽറ്റ് അടങ്ങിയ Export file, മുഴുവൻ കുട്ടികളുടെയും റിസൽറ്റ് അടങ്ങിയ PDF ഫയലുകൾ, School Registration Details-ന്റെ ഫയൽ, എന്നിവ പകർത്തിയ സി.ഡിയുടെ ഒരു കോപ്പിയും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സ്കൂൾ ഐടി കോർഡിനേറ്ററും ഹെഡ്മാസ്റ്ററും ഒപ്പിട്ട് പരിശോധനയ്ക്കും വിലയിരുത്തലിനുമായി 2016 ഏപ്രിൽ 5-നു മുമ്പ് സമർപ്പിക്കേണ്ടതാണ്.

13) ഐടി@സ്കൂൾ പ്രോജക്ടിലെ മാസ്റ്റർ ട്രെയിനർ വിദ്യാഭ്യാസ ജില്ലാതലത്തിൽ പ്രസ്തുത സിഡിയും പ്രിന്റൗട്ടും ശേഖരിച്ച് ഐടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

14) ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്റർമാർ, മാസ്റ്റർ ട്രെയിനർമാരുടെ സഹായത്തോടെ ഓരോ സ്കൂളിന്റെയും സിഡിയിലുള്ള മാർക്ക് ലിസ്റ്റ്, മറ്റു ഫയലുകൾ എന്നിവ പരിശോധിച്ച് സ്കൂളിലെ എല്ലാ കുട്ടികളും പരീക്ഷയിൽ പങ്കെടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് ഐടി @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 2016 ഏപ്രിൽ 15-ന് മുമ്പ് സമർപ്പിക്കേണ്ടതുമാണ്.

MSJaye

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

൭

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
സ്റ്റോക്ക് ഫയൽ

## അനുബന്ധം (1)

### 8,9 ക്ലാസുകളിലെ വർഷാന്ത്യ ഐടി പരീക്ഷയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ

ഐ ടി പരീക്ഷയ്ക്ക് തിയറി, പ്രാക്ടിക്കൽ എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്. ഒരു സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തിയറി-പ്രാക്ടിക്കൽ ഭാഗങ്ങൾ കമ്പ്യൂട്ടറിൽ തന്നെ ചെയ്യാൻ കഴിയുന്ന രീതിയിലാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്.

**സ്കോറും മൂല്യനിർണയവും**

ഐ ടി പരീക്ഷയ്ക്ക് 50 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 10 സ്കോർ തിയറി ഭാഗത്തിനും 28 സ്കോർ ഐടി ശേഷികൾ പരിശോധിക്കുന്ന പ്രാക്ടിക്കൽ ഭാഗത്തിനും 2 സ്കോർ ഐടി പ്രാക്ടിക്കൽ വർക്ക്ബുക്കിനും 10 സ്കോർ സി ഇ പ്രവർത്തനങ്ങൾക്കും ആണ്. പ്രാക്ടിക്കൽ വർക്ക്ബുക്കും 28 സ്കോറിനുള്ള പ്രാക്ടിക്കൽ ഭാഗത്തിന്റെ ഉല്പന്നങ്ങളും പരീക്ഷ നടത്തുന്ന അധ്യാപകർ തന്നെ മൂല്യനിർണയം നടത്തേണ്ടതാണ്. അധ്യാപകന്റെ മൂല്യനിർണയത്തിൽ ലഭിച്ച സ്കോറും പ്രാക്ടിക്കൽ വർക്ക്ബുക്കിന് ലഭിച്ച സ്കോറും സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. തിയറി ഭാഗത്തിന്റെ മൂല്യനിർണയം സോഫ്റ്റ്‌വെയർ തന്നെ നടത്തുന്നതാണ്.

**സമയം**

ഐ.ടി പരീക്ഷയുടെ സമയം ഒരു മണിക്കൂർ ആണ്. (സമാശ്വാസ സമയം ഉൾപ്പെടെ)

**ഭാഗം I - തിയറി**

തിയറി ഭാഗത്തിന്റെ സ്കോർ 10 ആണ്. 8, 9 ക്ലാസുകളിൽ ഏഴ് മുതൽ പന്ത്രണ്ടുവരെയുള്ള യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളാണ് വാർഷിക പരീക്ഷയുടെ തിയറി ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൂന്ന് വിഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ് ഈ ഭാഗത്ത് ഉണ്ടാവുക. അവ ചുവടെ ചേർത്തിരിക്കുന്നു.

വിഭാഗം 1 : തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ ഒരു ഉത്തരം തെരഞ്ഞെടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് ½ സ്കോറാണ്, 8 ചോദ്യങ്ങളുണ്ടാകും.

വിഭാഗം 2 : തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ രണ്ട് ഉത്തരങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് 1 സ്കോറാണ്, 4 ചോദ്യങ്ങളുണ്ടാകും.

വിഭാഗം 3 : കുറിപ്പ് തയ്യാറാക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. തന്നിരിക്കുന്ന രണ്ട് ചോദ്യങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്ന ഒന്നിനെക്കുറിച്ച് ലഭ്യമാകുന്ന നാല് ഉത്തര സെറ്റുകളിൽ ഓരോ സെറ്റിൽ നിന്നും ഏറ്റവും അനുയോജ്യമായത് തെരഞ്ഞെടുത്താണ് കുറിപ്പ് പൂർത്തിയാക്കേണ്ടത്. 2 സ്കോറിനുള്ള ഒരു ചോദ്യമാണ് ഈ വിഭാഗത്തിലുള്ളത്.

**ഭാഗം II - പ്രാക്ടിക്കൽ**

പ്രാക്ടിക്കൽ ഭാഗത്തിന്റെ സ്കോർ 28 ആണ്. എട്ട്, ഒമ്പത് ക്ലാസുകൾക്ക് നാല് വിഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ചോദ്യങ്ങളിൽ ഓരോ വിഭാഗത്തിലും ലഭ്യമാകുന്ന 2 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകേണ്ടത്. വർഷാന്ത്യ പരീക്ഷയുടെ പ്രാക്ടിക്കൽ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്ന പാഠഭാഗങ്ങളും ഓരോ പാഠഭാഗത്തിനുമുള്ള സ്കോറും ചുവടെചേർത്തിരിക്കുന്നു.

ക്ലാസ് - VIII

| വിഭാഗം | പാഠഭാഗം | സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നൽകേണ്ട ചോദ്യങ്ങൾ | സ്കോർ |
|---|---|---|---|---|
| 1 | ജിയോജിബ്ര | 2 | 1 | 7 |
| 2 | ഓപ്പൺ ഓഫീസ് | 2 | 1 | 7 |
| 3 | പൈത്തൺ | 2 | 1 | 7 |
| 4 | ജിമ്പ് | 2 | 1 | 7 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | 2 |
| ആകെ സ്കോർ | | | | 30 |

ക്ലാസ് - IX

| വിഭാഗം | പാഠഭാഗം | സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നൽകേണ്ട ചോദ്യങ്ങൾ | സ്കോർ |
|---|---|---|---|---|
| 1 | വെബ് പേജ്, phET | 2 | 1 | 7 |
| 2 | പൈത്തൺ | 2 | 1 | 7 |
| 3 | ഓഡാസിറ്റി, ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ | 2 | 1 | 7 |
| 4 | ജിമ്പ് | 2 | 1 | 7 |
| പ്രാക്ടിക്കൽ വർക്ക്ബുക്ക് | | | | 2 |
| ആകെ സ്കോർ | | | | 30 |